


# ZEPHYR

Digital Magazine 2019-2020

***ST. JOSEPH'S HIGHER SECONDARY SCHOOL, THALASSERY***




# സെന്റ്ജോസഫ്സ് ഹയർ സെക്കന്ററി സ്കൂൾ

പ്രൗഢമായ ഗതകാല ചരിത്രപഥത്തിലൂടെ സെന്റ്ജോസഫ്സ് എച്ച്.എസ്.എസ് വിവിധ നിലകളിൽ മികവാർന്ന് മുന്നോട്ട് കുതിക്കുന്നു. 1922ൽ ഇന്ത്യൻ മിഡിൽ സ്കൂൾ, 1941ൽ ബോയ്സ് ഹൈസ്കൂൾ, 2000ൽ ഹയർസെക്കന്ററി സ്കൂൾ, 2019 മുതൽ പെൺകുട്ടികൾക്ക് കൂടി പ്രവേശനം നൽകി കണ്ണൂർ രൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിൽ ഈ സരസ്വതി ക്ഷേത്രം വളരുകയാണ്. ചിട്ടയായ അധ്യാപനം, സവിശേഷമായ അച്ചടക്ക അന്തരീക്ഷം, തുടർച്ചയായ വിലയിരുത്തലുകൾ, രക്ഷിതാക്കളുമായി നിരന്തര സമ്പർക്കം, കലാ-കായിക രംഗങ്ങളിലെ ഔന്നത്യം എന്നിവ വിദ്യാലയത്തെ ഗണനീയ സ്ഥാനത്ത് ഉയർത്തുന്നു.

1965ൽ ആദ്യമായി എസ്.എസ്.എൽ.സി. പരീക്ഷയിൽ നൂറ് ശതമാനം വിജയം. 1971 ൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ പരീക്ഷയെഴുതിച്ച് 100% വിജയത്തിലൂടെ ഒന്നാം സ്ഥാനം. നാളിതുവരെയായി 21 തവണ 100% വിജയതിളക്കം.

ഹോക്കി, ക്രിക്കറ്റ് രംഗങ്ങളിൽ സംസ്ഥാനതല ക്യാപ്റ്റൻ സ്ഥാനങ്ങൾ. 1984ൽ സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ പ്രഥമ കലാപ്രതിഭയായ വിനീതിന്റെ വിദ്യാലയം. ദേശീയ, സംസ്ഥാന, കലാ-കായിക പ്രവൃത്തിപരിചയ മേളകളിൽ അതുല്യമായ വിജയം. പ്രഗത്ഭരായ അദ്ധ്യാപകർ. വിദ്യാലയത്തെ നയിച്ച രണ്ട് പ്രധാന അദ്ധ്യാപകർക്ക് സംസ്ഥാന/ദേശീയ അദ്ധ്യാപക അവാർഡുകൾ. രാജ്യാന്തരങ്ങളിൽ പ്രാവീണ്യം കൊണ്ട് യശസ്സുയർത്തിയ എണ്ണമറ്റ പൂർവ്വ വിദ്യാർത്ഥികൾ..

ചരിത്ര സ്മൃതികളുണർത്തുന്ന സ്മാരകങ്ങളുടെ പരഭാഗ ശോഭയിൽ, അറബിക്കടലോരത്ത്, മന്ദസമീരന്റെ തലോടലിൽ പ്രകൃതിയുടെ അനുഗ്രഹം ആവോളം ഏറ്റ് വാങ്ങുന്ന വിദ്യാലയം, സെന്റ്ജോസഫ്സ് ഹയർ സെക്കന്ററി സ്കൂൾ, തലശ്ശേരി!



# ***CONTENTS***


| Title | Page No. |
|---|---|
| 1. പാഠം ഒന്ന്: ഭൂമി ഉരുണ്ടതല്ല<br>By Pramod P Seban | 4 |
| 2. ഉറുമ്പ് | 5 |
| 3. Computer GK | 9 |




## ''പാഠം ഒന്ന്:

## ഭൂമി ഉരുണ്ടതല്ല

..............................

പ്രമോദ് പി.സെബാൻ

സമയമേഖല
പിടുത്തം കിട്ടാതെ
അക്ഷാംശത്തിനും
രേഖാംശത്തിനും
ഇടയിൽ കുടുങ്ങിയ
പഴയൊരു
ഒമ്പതാം ക്ലാസ്സുകാരൻ
മൂന്ന് ദിവസം
ചോരച്ച കൈവെള്ളയുമായി
ഭൂമി ഉരുണ്ടതെന്ന് കണ്ട് പിടിച്ചവന്റെ
തന്തയ്ക്ക് വിളിച്ചിരുന്നു.

ഒരൊറ്റ അടി കൊണ്ട്
ഒരു വിഷയത്തെ ആയുഷ്ക്കാലം
അകറ്റി നിർത്തുന്നതെങ്ങനെയെന്ന്
ഇന്നവനറിയാം.

ഭൂലോകം ചുറ്റുന്ന
ഒരു പണിയുമില്ലാത്ത
കാറ്റുകൾ,
മഞ്ഞിന്റെ മേലെ
ചുമ്മാ കെട്ടുന്ന വീടുകൾ,
പണ്ടാരമടക്കാൻ
കുറേ ഗ്രഹപ്പിഴകളും...
അതിനപ്പുറം
ഒരു ചുക്കുമല്ലല്ലോ
ഭൂമി ശാസ്ത്രം!


ശാന്തസമുദ്രം
അത്രയ്ക്കങ്ങ് ശാന്തമല്ലെന്നും,
ഉഷ്ണ ജലപ്രവാഹങ്ങൾ
തേജസ്വനിപ്പുഴേൽ വരത്തില്ലെന്നും,
വാവുകൾക്ക്
നാട്ടിലെ പെണ്ണുങ്ങളുമായി
എന്തോ ഉണ്ടെന്നതും,
റിക്ടർ സ്കെയിലിൽ പതിയാത്ത
കുടുംബ കലഹങ്ങൾ
സീസ്മോഗ്രാഫിൽ തെളിയുമെന്നും,
ഒരു ഗ്രിഡ് റഫറൻസുമില്ലാത്ത  ഒളിയിടങ്ങൾ
നാട്ടിലെമ്പാടുമുണ്ടെന്നും,
ജോണി മാഷ് പറഞ്ഞില്ല.


പറയാതെ പറയുന്നതാണ് കവിതയെന്ന്
പത്ത് സീ യിൽ നിന്നും
രാഗിണിടീച്ചർ പറയുന്നത്
ജോണിമാഷും കേട്ടിരിക്കണം.

# ഉറുമ്പ്

ഞാന് വഴിവക്കില് വെറുതെ നിന്നു..
ജോലിക്ക് പോകാന് എനിക്ക് മടിയായിരുന്നു..
അന്നേരം ഉറുമ്പ് തന്റെ കൂര കെട്ടുകയായിരുന്നു..
അതിനു മടിയുടെ ലാഞ്ചന പോലുമില്ലായിരുന്നു..

പലരും മുന്നിലൂടെ കടന്നുപോയി..
ഞാന് ബുദ്ധിജീവി നാട്യം ഭാവിച്ചു ആരെയും മൈന്റ് ചെയ്തില്ല..
എന്നെയും ആരും നോക്കാന് മെനക്കെട്ടില്ല..
ഉറുമ്പ് തന്റെ മുന്നിലൂടെ കടന്നുപോയ മറ്റുറുമ്പുകളെ പരസ്പരം മൂക്കുകള് മുട്ടിച്ചെന്നപോലെ സലാം പറഞ്ഞു..





എന്റെ അടുത്ത് ഒരു കൂട്ടുകാരന് വന്നിരുന്നു..
ഉറുമ്പിന്റെ അടുത്ത് കുറേ കൂട്ടുകാരുണ്ടായിരുന്നു..
എന്റെ കയ്യില് ഉണ്ടായിരുന്ന ചൂട് കടലപ്പൊതി ഞാനവനില് നിന്നും മറച്ചു വെച്ചു..
പങ്കുവെക്കല് എനിക്കിഷ്ടമല്ലായിരുന്നു..
താഴെ വീണ ഒരു കടല ഉറുമ്പ് വന്നെടുത്തു...
ആ കൊച്ചു കടലമണിക്ക് നൂറു കണക്കിന് അവകാശികളെ ആ കുഞ്ഞന് ഉറുമ്പ് കണ്ടെത്തിക്കഴിഞ്ഞിരുന്നു..

മഴ വന്നപ്പോള് ഞാന് ഇരിപ്പ് വെയിറ്റിംഗ് ഷെഡിലേക്ക് മാറ്റി..
എന്റെ കൂട്ടുകാരനും..

ഉറുമ്പ് പക്ഷെ ഒരു കൊച്ചു വെള്ളപ്പൊക്കത്തില് ഒലിച്ചുപോയിരുന്നു..
എനിക്ക് പോകാന് തിടുക്കമായി..മഴ ഒട്ടു കുറയുന്നുമില്ല..എന്റെ കൂട്ടുകാരനും പോകണമെന്നായി.
പക്ഷെ എന്റെ കുടയില് അവനെ കയറ്റാന് എനിക്ക് മടിയായിരുന്നു.
എനിക്ക് വേറെ വഴി ആണ് പോകേണ്ടത് എന്നും പറഞ്ഞു ഞാന് അവനെ ഒറ്റയ്ക്ക് വിട്ടിട്ടു കുടനിവര്ത്തി ഇറങ്ങി നടന്നു..

നല്ല മഴ..

നടക്കുന്ന വഴി ഞാന് നമ്മുടെ പഴയ ഉറുമ്പിനെ കണ്ടു..
കക്ഷി ഒരു ഇലയുടെ പുറത്തു കയറി ഒഴുകിപോകുകയായിരുന്നു..
സൂക്ഷിച്ചു നോക്കിയപ്പോള് സംഗതി വ്യക്തമായി..
തന്റെ കൂട്ടുകാരെ മുഴുവന് ആ ഇലത്തോണിയില് കയറ്റി രക്ഷിക്കാന് ഉള്ള ശ്രമമാണ്..
ഞാന് ചെയ്യുന്നതിനൊക്കെ വിപരീതം പ്രവര്ത്തിക്കുന്ന അവന് വല്യ ഉറുമ്പ് പുണ്യാളന്...
ഇപ്പോള് കാണാം ആരാ വലിയവന് ആരാ നിസാരന് എന്ന്..

ഞാന് വെക്കം ആ ഇലത്തോണി മറിച്ചിട്ടു..

എല്ലാ ഉറുമ്പുകളും വീണ്ടും കുത്തൊഴുക്കില് പെട്ട് ഒഴുകിയകന്നു..
ഞാനാ കാഴ്ച കണ്ടു രസിച്ചു.
നോക്കുമ്പോള് നമ്മുടെ പ്രധാന ഉറുമ്പ് മാത്രം ഇതാ രക്ഷപെട്ട് കരക്ക് കയറി വരുന്നു..
എനിക്ക് ദേഷ്യം വന്നു ..
ഞാനവനെ പിടികൂടി..
തള്ളവിരലിനും ചൂണ്ടുവിരലിനും ഇടയിലിട്ടു അവനെ ഞെരടി..
അനക്കമറ്റപ്പോള് 'എന്റെ മുന്നില് നീ വെറും കൃമി' എന്ന് പറഞ്ഞുകൊണ്ട് അവനെ ഞൊടിച്ചു തെറിപ്പിച്ചു ..

എനിക്ക് ഏകദേശം തൃപ്തിയായി..
ഞാന് പിന്നെയും ആ മഴയത്ത് നടന്നു ..
പെട്ടന്നൊരു കൊള്ളിയാന് മാനത്ത് മിന്നി..

ചിന്തകളില് പഴയ ഉറുമ്പ് കടന്നു വന്നു ..

*അധ്വാനത്തിന്റെ മഹിമയറിയാത്ത,ആരോടും കുശലം പറയാത്ത ,*
*പങ്കു വെക്കാനറിയാത്ത ,സഹായമനസ്ഥിതി ഇല്ലാത്ത ,*
*ഇഷ്ടമില്ലാത്തവരെ നിഷ്കരുണം കൊല്ലുന്ന ഞാനാണോ*
*അതോ ഞാന് കൊന്ന ഉറുമ്പ് ആണോ തമ്മില് ഭേദം ?*

*ആരായിരുന്നു സത്യത്തില വലിയവന..?*

*ആലോചിക്കുന്തോറും ഉറുമ്പിനു എന്നെക്കാള് ഈ ഭൂമിയില് ജീവിക്കാന് എന്തുകൊണ്ടും അര്ഹതയുണ്ടായിരുന്നു എന്നെനിക്കു മനസ്സിലായി..*

*മഴയുടെ ശക്തി കൂടിയിരുന്നു..*


*വീണ്ടുമൊരു കൊള്ളിയാന് കൂടി മിന്നിപ്പാഞ്ഞു ...*
*പക്ഷെ ഇത്തവണ അതെന്റെ ഉള്ളിന്റെയുള്ളില് ആയിരുന്നെന്നു മാത്രം ..*




# St. Joseph's


## HIGHER SECONDARY SCHOOL


Thalassery-Kannur





# *Computer GK : Computer Questions and Answers*





*1. Which Penguin is the mascot of Linux Operating system?*
*Ans : TUX*

*2. i pad is manufactured by*
*Ans : Apple*

*3. Which IT company got name from Sanfrancisco?*
*Ans : CISCO*

*4. "Connecting people" is the tagline of ....*
*Ans : Nokia*

*5. What is IMEI?*
*Ans : International Mobile Equipment Identity.*

*6. What is e-zine?*
*Ans : Electronic Magazines.*

*7. What is the expansion of ASCII?*
*Ans : American Standard Code for Information Interchange.*

*8. Who developed first portable computer?*
*Ans : Adam Osborne*

*9. What is NIC?*
*Ans : Network Interface Card*

*10. Whose motto is "wisdom of mass principle?*
*Ans : Wikipedia*

*11. Who is the father of computer ethics?*
*Ans : Norbetweiner.*

*12. Which Indian state implemented 'Cyber Grameen' ?*
*Ans : Andhra Pradesh*

*13. What is a blog?*
*Ans : Online journals and diaries.*

*14. What is NISG?*
*Ans : National Institute of Smart Governance*

*15. Tic-Tac-Toe is .....*
*Ans : 1st graphical game*

*16. "Oruma" is Linux based software development by?*
*Ans : Kerala State Electricity Board.*

*17. ABC (computer) was developed by ?*
*Ans : Atanasoff Berry (ABC means Atanasoff Berry Computer)*

*18. GPS was developed by?*
*Ans : US Army*

*19. Expand SUN in sun Micrsystem.*
*Ans : Stanford University Network*

*20. 'Being digital' is a famous book written by ?*
*Ans : Nicholars Negroponte.*

*21. What is Blue Brain project?*
*Ans : Cloning of human brain.*

*22. Which famous web site was found by Jeffry Bezos?*
*Ans : Amazon.com*

*23. What is Cyber bulling?*
*Ans : Threatening through internet*

*24. Cyber-check is software developed by .....*
*C-DAC*

*25. What is pod slumping?*
*Ans : Information theft by portable devices.*





സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂൾ, തലശ്ശേരി
വാർഷികാഘോഷവും
യാത്രയയപ്പ് സമ്മേളനവും
2020
ജനുവരി
30
വ്യാഴാഴ്ച
വൈകു. 5 മണി
ഉദ്ഘാടനം :
റൈറ്റ്. റവ. ഡോ.
അലക്സ് വടക്കുംതല
മുഖ്യാതിഥി :
ശ്രീ. സി.കെ. രമേശൻ
വിശിഷ്ടാതിഥി :
ശ്രീ. സുഷിൻ ശ്യാം
സെന്റ് ജോസഫ്സ് സ്കൂൾ
വിദ്യാർത്ഥികൾ
അണിയിച്ചൊരുക്കുന്ന
കലാസന്ധ്യ




New Year


Happy
New year
From
S.T. Josephs


—BENNY SIR—
—ANJANA MISS—


വരച്ചത് കടലാസിലാണെങ്കിലും
പതിഞ്ഞത്
മനസ്സിലാണ്
♡......


be smile...